# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2547 — 06/12/2018-ൽ മറുപടിക്ക്

### ചാലക്കുടി മണ്ഡലത്തിലെ ഡാമുകൾ

| | ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മഹാപ്രളയത്തെ തുടർന്ന് ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പൊരിങ്ങൽ കുത്ത്, ഷോളയാർ ഡാമുകൾക്ക് എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടായി ട്ടുണ്ടോ; | (എ) | പൊരിങ്ങൽകുത്ത് ഡാമിൽ ക്രമാതീതമായി പ്രളയജലം വന്നതിനാൽ അണക്കെട്ട് കരകവിഞ്ഞൊഴുകുകയും മരക്കുറ്റികൾ വന്നടിഞ്ഞ് ഡാം ഗേറ്റുകൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തു.<br>ഷോളയാർ ഡാമിന് മഹാപ്രളയത്തെതുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) | ടി പദ്ധതികളിൽനിന്നും പൂർണ്ണതോതിൽ വൈദ്യുതി ഉൽപ്പാദനം പുനഃരാരംഭിയ്ക്കുന്നതിനാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് അറിയിക്കുമോ? | (ബി) | ഷോളയാർ ജലവൈദ്യുതപദ്ധതിക്ക് പ്രളയത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായിരുന്നില്ല. പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിക്ക് പ്രളയത്തിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടാകുകയും അതുമൂലം പ്രസ്തുത പദ്ധതിയിൽനിന്നുള്ള വൈദ്യുതോല്പാദനം തടസ്സപ്പെടുകയും ചെയ്തിരുന്നു. എന്നാൽ ടാസ്ക് ഫോർസുകൾ രൂപീകരിച്ചുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ നടത്തുകയും, പദ്ധതിയിലെ നാല് ജനറേറ്ററുകളിൽ ഒന്നാം നമ്പർ ജനറേറ്റർ 11.10.2018 – നും രണ്ടാം നമ്പർ ജനറേറ്റർ 30.10.2018 നും, മൂന്നാം നമ്പർ ജനറേറ്റർ 29.11.2018 നും പ്രവർത്തന സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നാലാമത്തെ ജനറേറ്ററിന്റെ പുനർനിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആവശ്യമായ അറ്റകുറ്റപ്പണികൾക്ക് ശേഷം പൊരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റെൻഷൻ പദ്ധതി 27.08.2018-ൽ പ്രവർത്തന സജ്ജമാക്കിയിരുന്നു. |

സെക്ഷൻ ഓഫീസർ